# മൊഴി



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

GHSS PADINHARATHARA

## താളുകളിൽ.........

അനുഭവം........?........................................................................................................2
ഞാൻ തന്നെ........................................................................................................2
ഓർമ്മയുടെ ഓളങ്ങൾ........................................................................................................4
നാളെ നമ്മിലാര് ?........................................................................................................6
ഭാരതാമ്മ........................................................................................................8
ചിക്കയുടെ പരീക്ഷണം........................................................................................................9

# അനുഭവം........?

## ഞാൻ തന്നെ

സഞ്ജന.എൻ.ജെ

പൊക്കിൾകൊടിയറുത്തതുമുതൽ
ഞാനറിഞ്ഞ ആനന്ദമായിരുന്നു നീ
എന്നിലിത്രമേലമർഷവും ആഹ്ലാദവും
ആവേശവും പകരാൻ നിന്നാൽ
സാധിച്ചു എന്നതന്നെ അതിശയപ്പെടുത്തുന്നു
എന്നാലസാധ്യമായതൊന്നുമില്ലെന്ന് കാണിച്ചുതന്നതും
പഠിപ്പിച്ചതും നിന്റെ വർണ്ണങ്ങളാണ്
എന്നെ ഞാനാക്കിയ നിന്റെ വേരുകളാണ്
തളരുമ്പോഴും തകരുമ്പോഴും എന്നിലെ
ആത്മാവിനെ ചുഴറ്റിയെറിയുമ്പോഴും നിന്റെ
വർണ്ണങ്ങളുടെ വെളിച്ചം,അവ എനിക്ക്
പ്രതീക്ഷ നൽകി,മനസ്സിനും കിനാവിനും ശോഭ നൽകി
പിച്ചവെച്ചപ്പോൾ ഇടറിയ കാലുകൾക്ക്
കൈത്താങ്ങായിവന്ന അച്ഛന്റെ കരങ്ങൾ
എന്നെ നിന്നിലേക്കേറെ അടുപ്പിച്ചു
കാരണമില്ലാത്ത കാരണത്താൽ വാവിട്ടും
കരയുമ്പോൾ അമ്മ ചുണ്ടിലിറ്റിച്ചുതരന്ന
അമ്മിഞ്ഞപ്പാലിന്റെ നനവ്
അത് നിന്നെയെന്നിലേക്കും ഏറെ അടുപ്പിച്ചു
ജീവിതമേ....നിന്നെ മുന്നിൽ കണ്ടുകൊണ്ട്
നാളേക്കായ് തുറക്കുന്ന ഓരോ മിഴികൾക്കും
നീ പകരുന്ന വെട്ടം അവ ഈ
ലോകത്തിന്റെ വാതിലുകളാണ്
നിലാവിലെ കിനാവിന്റെ ചവിട്ടുപടികളാണ്
കൈ വിടരുത്......തളർന്നാൽ പോലും.

# ഓർമ്മയുടെ ഓളങ്ങൾ

ഇടമുറിയാതെ പെയ്ത മഴ.ദേവൂട്ടി പറഞ്ഞു: ശ്ശൊ...ഈ മഴ ഒന്നു നിന്നിരുന്നെങ്കിൽ...കല്ല്യാണി അമ്മയുടെ തൊടിയിൽ ഇഷ്ടം മാങ്ങകൾ വീണിട്ടുണ്ടാവും.അപ്പു എത്തും മുമ്പേ എനിക്ക് ഒക്കെ പെറുക്കി എടുക്കണം...ശ്ശെടാ...മഴ പിന്നെയും കൂടുന്നാണല്ലോ,മുത്തശ്ശി ഉമ്മറത്തിരുന്ന് ഇതെല്ലാം കേട്ട് ചിരിച്ചു.ദേവൂട്ടിയുടെ മുത്തശ്ശിക്ക് എന്നും അസുഖമാണ്.ശ്വാസം മുട്ടൽ,നടുവിന് വയ്യാത്തോണ്ട് ഏതു നേരവും ഇരിപ്പാണ്.നടക്കാൻ ഇത്തിരി പ്രയാസമുണ്ട്.ഉമ്മറത്ത് വലിയൊരു പത്തായമുണ്ട്,ഒരാൾ പൊക്കവും നല്ല വീതിയുമുള്ള തറവാടിന്റെ സമ്പന്നതയും പ്രൗഢിയും വിളിച്ചോതുന്ന വർഷത്തോട്ട വർഷം നിറയെ നെല്ലുള്ള പത്തായം.പത്തായത്തിന്റെ മുകളിൽ ഒരാൾക്ക് സുഖമായി കിടന്നുറങ്ങാം .കുഞ്ഞു ദേവൂട്ടിക്ക് ഏറ്റവും പ്രിയപ്പെട്ടതാണാ പത്തായം.കാരണം എന്നും അതിന്റെ മുകളിൽ വലിഞ്ഞു0 കയറിയിരുന്ന് ദൂരേക്ക് നോക്കിക്കൊണ്ട് നിലത്ത് കുത്തിയിരിക്കുന്ന മുത്തശ്ശിയുടെ കഥകൾ കേൾക്കാൻ അവൾക്ക് ഏറെ പ്രിയമായിരുന്നു.കൂടാതെ ദൂരെ നിന്ന് നടന്നു വരുന്ന ആളെ പോലും അവിടെ ഇരുന്ന് കാണാം.മഴ കുറഞ്ഞതോടെ ദേവൂട്ടി പാളകൊണ്ടുണ്ടാക്കിയ കൊട്ടയുമായി പറമ്പിലേക്കോടി.മുത്തശ്ശി അവൾക്ക് വേണ്ടി ഉണ്ടാക്കിയതായിരുന്നു അത്.അവരുടെ തൊടിയിൽ വിവിധ തരം മാവുകളും നിറയെ മാങ്ങകളും ഉണ്ടായിരുന്നു.എങ്കിലും ദേവൂട്ടിക്ക് പ്രിയം കല്ല്യാണിയുടെ വീട്ടിലെ തൊടിയിലെ മാങ്ങകളായിരുന്നു.കാരണം അപ്പുവിനെ തോൽപ്പിക്കാൻ അവയെല്ലാം ആദ്യം പെറുക്കി കൂട്ടുക എന്ന ഒറ്റലക്ഷ്യം.അപ്പു അവളുടെ അച്ഛന്റെ പെങ്ങളുടെ മകനായിരുന്നു.ഒരേ വയസ്സായിരുന്നു അപ്പുവിനും ദേവൂട്ടിക്കും.അച്ഛന്റെ പെങ്ങൾ ഭർത്താവില്ലാതെ വളരെ കഷ്ടപ്പെട്ടാണ് അവരുടെ മൂന്നു മക്കളെയും വളർത്തുന്നത്.അവർക്ക് 2 പെൺകുട്ടികളും അപ്പു ഒരാൺകുട്ടിയുമായിരുന്നു.

ദേവൂട്ടിയുടെ വീട്ടിൽ കൃഷി ഉണ്ടായിരുന്നു.വയലിൽ പച്ചക്കറി നടാനും നെല്ല് വിതയ്ക്കാനും കറ്റ തലച്ചുമടായി വീട്ടിലെത്തിക്കാനും അപ്പുവും ദേവൂട്ടിയും ഉത്സാഹിച്ച് പണിയെടുക്കുമായിരുന്നു.ഇരുവരും ഒരേ ക്ലാസിലാണ് പഠിച്ചിരുന്നത്.ദേവൂട്ടി പഠിക്കാൻ മിടുക്കിയായിരുന്നു.എന്നാൽ അപ്പു മിക്കവാറും ദിവസങ്ങളിൽ സ്കൂളിൽ പോകാറേ ഇല്ലായിരുന്നു.വൈദ്യുതി എത്തിയിട്ടില്ലാത്ത ആ ഗ്രാമത്തിൽ ദേവൂട്ടിയുടെ കൂടെ ഏറെ വൈകും വരെ അപ്പു കളിക്കുമായിരുന്നു.അവർ പലപ്പോഴും ഒരുമിച്ച് ഉറങ്ങാറുണ്ടായിരുന്നു.ചിലപ്പോൾ കിടന്നിടത്തുനിന്ന് വഴക്കുകൂടി അപ്പു തലയിണയുംപായും എടുത്ത് നിലാവുള്ള രാത്രിയിൽ ആരോടും പറയാതെ അവന്റെ വീട്ടിലേക്ക് പോകും.

ദേവൂട്ടിയുടെ അമ്മയും അച്ഛനും പട്ടണത്തിലേക്ക് താമസം മാറി.ഒപ്പം ദേവൂട്ടിയും.അങ്ങനെ അവധിക്കാലമായപ്പോൾ ദേവൂട്ടി മുത്തശ്ശിയെ കാണാൻ നാട്ടിലെത്തി. ദേവൂട്ടിക്ക് ജീവശ്വാസം കിട്ടിയപോലെയായിരുന്നു തറവാട്ടിലെത്തിയപ്പോൾ.ഏറെ ദൂരം യാത്ര ചെയ്തതിനാൽ അവൾ വേഗം ഉറങ്ങിപ്പോയി.അന്ന് പുലർച്ച് 5 മണിക്ക് ടീ..ദേവൂ..എണീക്കെടീ...എന്ന ഉറക്കെയുള്ള വിളി കേട്ടാണ് അവൾ ഉണർന്നത്.ടീ..വേഗം വാ...പാലു കൊണ്ടുകെടുക്കണം.കണ്ണു തുറന്നു നോക്കിയപ്പോൾ അപ്പുവായിരുന്നു.അവൾ മടിയോടെ എണീറ്റു.രണ്ടു പേരും കുറേ ദൂരം നടന്ന് പാൽ സൊസൈറ്റിയിലെത്തി.പാൽ കൊടുത്തു പൈസയും വാങ്ങി തിരിച്ചു നടന്നു.ടീ...നിന്റെ ചെറിയമ്മ കുറച്ച് സാധനം വാങ്ങാൻ പറഞ്ഞിട്ടുണ്ട്.നീ ഇവിടിരിക്ക് ഞാനിപ്പൊ വരാം...അപ്പു കടയിലേക്ക് നടന്നു.അവൻ സാധനങ്ങൾ വാങ്ങി തിരിച്ചു വന്നു.ദേവൂട്ടിക്ക് മിഠായി കൊടുത്തു.അവൾ പറഞ്ഞു...അയ്യേ എനിക്ക് വേണ്ട...ഞാൻ പല്ലു തേച്ചിട്ടില്ല ...ആട്ടെ നിനക്കാരാ മിഠായി വാങ്ങാൻ പൈസ തന്നത്?ദേവൂട്ടി ചോദിച്ചു.അവൻ പറഞ്ഞു ആരും തന്നതല്ല.ബാക്കി ഒരു രൂപ ഉണ്ടായിരുന്നു അതിന് വാങ്ങീതാ...!ഡാ കള്ളാ ഞാനെല്ലാവരോടും പറഞ്ഞു കൊടുക്കും.

ങ്ങാഹാ..എങ്കിൽ നീ ഈ മിഠായി മുഴുവൻ തിന്നിട്ടു പോയാ മതി...അവൻ ദേഷ്യത്തോടെ പറഞ്ഞു.അപ്പു അങ്ങനെയാണ്.അവന് സ്നേഹം പ്രകടിപ്പിക്കാൻ അറിയില്ല.കുഞ്ഞു നാളിൽ ഉപേക്ഷിച്ച് പോയതാണവന്റെ അച്ഛൻ.അതിൽ പിന്നെ അമ്മ കുഞ്ഞുങ്ങളെ വളർത്താൻ കൃഷിപണിക്കും മറ്റും പൊയ്ത്തുടങ്ങി.ജോലി ഭാരവും കുടുംബഭാരവും അവരുടെ

# മൊഴി

ഉള്ളിലെ സ്നേഹത്തിന്റെ നീരുറവയെ വറ്റിച്ചു.കുഞ്ഞുങ്ങളോടും വൃദ്ധയായ അമ്മയോടും സ്നേഹവാക്കുകൾ പറയാൻ അവൻ മറന്നു.പാവം അപ്പു,ഇതെല്ലാം അവന്റെ കുഞ്ഞുമനസ്സിനെ വല്ലാതെ മാറ്റിയെടുത്തു.എന്തിനും ഏതിനും ദേഷ്യം ..ആരോടും ഒന്നും മിണ്ടാറില്ല.അവൻ ദേവൂലെ ഉപദ്രവിക്കുമെങ്കിലും അവളോടു മാത്രമായിരുന്നു കൂട്ടുകൂടിയതും സംസാരിച്ചതും.ചിരി ആ കുഞ്ഞുചുണ്ടിൽ കാണാറേ ഇല്ലായിരുന്നു.

അങ്ങനെ കാലങ്ങൾ കടന്നുപോയി.ദേവൂവിന്റെ മുത്തശ്ശി മരിച്ചു.അവളുടെ നാട്ടിലേക്കുള്ള വരവ് കുറഞ്ഞു.അപ്പു 7ാം ക്ലാസിൽ പഠിപ്പ് നിർത്തി.ദേവു എം.എ വരെ പഠിച്ചു.ആയിടക്ക് ഉണ്ടായിരുന്ന പ്രണയം വിവാഹത്തിൽ ചെന്നെത്തിച്ചു.ദേവൂവും അപ്പുവും വർഷങ്ങളോളം കാണാതായി.അങ്ങനെ ദേവുവിന്റെ ആദ്യ പ്രസവത്തിനായി വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്ന സമയത്ത് അപ്പു അവിടേക്ക് വന്നു.അപ്പു പറഞ്ഞു...ഡീ ഞാൻ പോകുവാ...ഇനി എപ്പോഴാ തിരിച്ചു വരവെന്ന് അറിയില്ല,ദാ...നിനക്കൊരു ചുരിദാർ തുണി...കൂടുതലൊന്നും പറയാതെ അമ്മയുടെ കയ്യിൽ നിന്നും ചായ വാങ്ങി കുടിച്ച് അവൻ പോയി.അമ്മ പറഞ്ഞു,അവന്റെ അമ്മ ഇന്നലെ വിളിച്ചിരുന്നു.അവൻ ഗൾഫിൽ പോവുകയാണ്.അവർക്ക് കുറച്ച് കടങ്ങളുണ്ട്. വീടുണ്ടാക്കണം . അതിനാണവൻ പോകുന്നത് എന്നൊക്കെ പറഞ്ഞിരുന്നു.അവൻ പോയാൽ ആ കുടുംബം രക്ഷപ്പെടും.ദേവൂട്ടി മനസ്സിൽ ഓർത്തു...

ദേവൂട്ടിക്ക് ഒരാൺകുഞ്ഞു പിറന്നു,ദേവൂട്ടി തിരിച്ച് ഭർത്താവിന്റെ വീട്ടിലേക്ക് പോയി.അവൾ അപ്പുവിനെ കുറിച്ചോർത്തു...അവൻ രക്ഷപ്പെടട്ടെ ദൈവമേ എന്ന് പ്രാർത്ഥിച്ചു.ഒരു ദിവസം കുഞ്ഞിനു പനി കൂടി...അങ്ങനെ കുഞ്ഞിനെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു.ഡ്രിപ്പ് ഇട്ടു കിടക്കുകയായിരുന്നു.അവളും ഭർത്താവും കുഞ്ഞിന് കൂട്ടിരിക്കുകയായിരുന്നു.അവൾ അപ്പുവിനെ കുറിച്ച് ഭർത്താനിനോട് പറഞ്ഞു.സ്നേഹമുള്ളവനാ...പക്ഷേ എവിടന്നും കിട്ടാത്തതുകൊണ്ട് തിരിച്ചു കൊടുക്കാനുമറിയില്ല...പാവം എന്നു പറഞ്ഞു നിർത്തി.ഭർത്താവു ചോറു വാങ്ങിക്കൊണ്ടുവന്നു,ഇരുവരും കഴിച്ചു.ഞാൻ കുറച്ചു ഉറങ്ങട്ടെ എന്നവൾ ചോദിച്ചു...ആയിക്കോട്ടെ എന്നു ഭർത്താവു പറഞ്ഞു.

അവൾ കിടന്നതേയുള്ളു,ഫോൺ റിംങ്ങ് ചെയ്തു.അങ്ങേ തലയ്ക്കൽ അമ്മയാണ്..അമ്മ കരച്ചിലിനിടയിൽ ഇടമുറിഞ്ഞ വാക്കുകളിലൂടെ പറഞ്ഞു...മോളേ അപ്പു പോയി...ദേവൂട്ടി ചോദിച്ചു... ഓ..അവൻ.. പോയോ..?എന്നെ ഒന്നു വിളിച്ചു കൂടിയില്ല ..ഗൾഫിലെത്തിയിട്ട് വിളിക്കുമായിരിക്കും... അമ്മ കരയുകയാണ്,അമ്മ എന്തിനാണ് കരയുന്നത്...ദേവൂട്ടിയുടെ ഉള്ളൊന്നു പിടഞ്ഞു... മോളേ അവൻ എല്ലാവരെയും വിട്ട് പോയി...ബൈക്ക് ആക്സിഡന്റായിരുന്നു... സുഹൃത്തിനെ കാണാൻ പോയതായിരുന്നു...അവിടെ വെച്ച് തന്നെ...മുഴുവൻ കേൾക്കാൻ ദേവൂട്ടിയുടെ കാതുകൾക്കായില്ല,അവൾ ഫോൺ ഭർത്താവിനെ ഏൽപിച്ചു.അദ്ദേഹം ചോദിച്ചു:ദേവൂന് കാണണ്ടേ അപ്പുനേ?വേണ്ട...അവൾ നടുക്കത്തോടെ പറഞ്ഞു...ജീവതേജസ്സുള്ള അപ്പുവിന്റെ മുഖമുണ്ട് എന്റെ മനസ്സിൽ...എനിക്കു അത് അങ്ങനെ തന്നെ വേണം...ചേതനയറ്റ അവന്റെ കണ്ണുകൾ എനിക്ക് കാണണ്ട...

ദേവു ഏറെ നേരം മൗനമായി ജാലക കമ്പിയിൽ പിടിച്ച് ഓർമ്മയുടെ ഓളങ്ങളിൽ പുറത്തേക്ക് നോക്കി നിന്നു...

# നാളെ നമ്മിലാര്?

അനഘ ഭാസ്കർ

വാടിയടർന്ന പൂവ് ഇതളുകൾ
കൊഴിഞ്ഞ് അടർന്നു വീണു
അവൾ തളർന്നു വീണു
കെട്ടടങ്ങിയ  പ്രകാശം പോലും അവളെ
തനിച്ചാക്കി ദൂരെ മറഞ്ഞോ
വിങ്ങിപൊട്ടിയ വീർപ്പു മുട്ടലുകൾക്കും
നേരിയ ശ്വാസത്തിന്റെ കിതപ്പും
അവളെ കുത്തിനോവിക്കുന്നു
അവളുടെ കൊച്ചു കാലടിപ്പാടുകൾ തേഞ്ഞ
കൊച്ചുക്രൂര,ചെറുതേങ്ങലോടെ
വിതുമ്പുന്നു
ശ്രീകോവിലിന്റെ മാറിൽ ചതഞ്ഞ
രഞ്ഞ അവളെ വേദന
ഞെക്കിയമർത്തുമ്പോൾ കണ്ണുകൾ
ഇറുക്കിയടച്ചുപോകുന്നു
ആ കൊച്ചുശബ്ദത്തിന്റെ
പ്രകമ്പനം കേൾക്കാതിരിക്കാൻ
ഓരോ കൊച്ചു പൈതലും
മനുഷ്യ മൃഗത്തിന്റെ കുരുക്കിൽ
പ്പെട്ട് വലിഞ്ഞ് മുറുകുന്നു
അവന്റെ കണ്ണുകൾ നരഞ്ഞു
കയറിയപേക്കൂത്തിനുവേണ്ടി
തുടിക്കുമ്പോൾ
അവൾ ചിന്തിക്കുന്നു
നാളെ നമ്മിലാരാകും
ആ കുരുക്കിൽ വലിഞ്ഞുമുറുകുക....
ആ മനുഷ്യമൃഗത്തിന്റെ  കറുത്ത
കൈകൾ വീണ്ടും തുടിക്കുന്നു,
ആർക്കൊക്കെയോ വേണ്ടി!

# ഭാരതാമ്മ

മുഹമ്മദ് റഊസ്

ഭാരതാമ്മയാകും കന്യകയേ
നിന്റെ  സൗന്ദര്യമെല്ലാമേയെങ്ങുപോയി
നിന്നിലെ സൗന്ദര്യമാസ്വദിച്ചീട്ടുവാനി
ന്നെനിക്കു സാധ്യമാവുകില്ല
ജാതി മതത്തിന്റെ പേരിലെല്ലാം
നിന്റെ മക്കളെ ക്രൂരമായ് മർദിക്കുന്നു
ആട്ട  മാടിന്റെ യും പേരിലെല്ലാം
നിന്റെ മക്കളാം ഞങ്ങളെ മർദിക്കുന്നു
കർഷകാത്മാഹത്യ കൂടിട്ടുന്നു
ഇന്ന് ഭാരത മുഖവും മാഞ്ഞിട്ടുന്നു
പാവങ്ങളെയും ദരിദ്രരേയുമുന്നാടിച്ച-
മർത്തി താഴ്ത്തി മർദിക്കുന്നു
ഭാരത ഘജനാവ് കൊള്ളയടിക്കുന്നു
ഭാരതത്തെയിന്ന് ഊറ്റികൊട്ടുക്കുന്നു
ഭാരതാമ്മേ നീ മാഞ്ഞുപോയീ
ട്ടുമോ നിന്മരണമതി ക്രൂരമാണോ

# ചിക്കയുടെ പരീക്ഷണം

വൃന്ദ എൻ വി

ഒരു സംഖ്യയെ 7 കൊണ്ട് നിശ്ശേഷം ഹരിക്കാമോ എന്നെങ്ങനെ അറിയാം.

✗ 735

അവസാന സംഖ്യയെ 5 കൊണ്ട് ഗുണിക്കുക

5X5=25

73+25=98

വീണ്ടും ഇതാവർത്തിക്കുക

8X5=40

9+40=49

49_7 ന്റെ ഗുണിതമായതിനാൽ735,7 ന്റെ ഗുണിതമാണ്.

✗ 4375

5X5=25

473+25=462

വീണ്ടും ഇതാവർത്തിക്കുക

2X5=10

46+10=56

✗ 56_7 ന്റെ ഗുണിതമായതിനാൽ 4375,7 ന്റെ ഗുണിതമാണ്.

✗ 53844

4X5=20

5384+20=5404

വീണ്ടും ആവർത്തിക്കുക

4X5=20

540+20=560

വീണ്ടും ആവർത്തിക്കുക

0X5=0

56+0=56

56_7 ന്റെ ഗുണിതമായതിനാൽ 53844,7 ന്റെ ഗുണിതമാണ്.

- ✗ ഇത് കണ്ടെത്തിയത് നൈജീരീയക്കാരനും 12 വയസ്സുകാരനുമായ *Chikka* ആയതിനാൽ ഇതിന് *Chikka's Test* എന്ന പേര് നൽകാം.